സ്റ്റേഷനറിയും വകുപ്പുമന്ത്രിയും കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ഞാൻ സമിതിയുടെ 'ഉപജീവനമാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം-സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും 2007-12 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട ഭക്ഷ്യസുരക്ഷ എന്ന പദ്ധതിയുടെ നടത്തിപ്പിനെ കുറിച്ചുള്ള സമിതിയുടെ ചർച്ചയുടെ സംക്ഷേപം, കൃഷി, മണ്ണുപര്യവേക്ഷണം എന്നീ വകുപ്പുകളുടെ 2011-12 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേൽ സമിതി നടത്തിയ ചർച്ചയുടെ സംക്ഷേപം എന്നിവയും സമർപ്പിക്കുന്നു.

VII ധനകാര്യം

2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-04, 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-04, 2009-10, 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ നടത്തിക്കൊണ്ട് പോകണ്ടേ..... അനൗദ്യോഗിക പ്രമേയങ്ങൾ എടുക്കണ്ടേ.....

(കാര്യവിവരപ്പട്ടികയിലെ ആറാമത്തെ ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദു ചെയ്തു.)

ഓർഡർ, ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 15-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.49-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly